# ഗ്രാമവികസന കമ്മീഷണറേറ്റിലെ
# സീനിയർഅഡ്മിനിസ്ട്രേറ്റീവ്ആഫീസറുടെ നടപടിക്രമം.

(ഹാജർ: നജീബ്. എച്ച്)

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - 01.01.2015 മുതൽ 30.06.2018 വരെ കാലയളവിൽ ജോലിയിൽ പ്രവേശിച്ച ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ് - ശ്രീമതി. ആൽസിമോൾ.കെ-യുടെ വിവരങ്ങൾ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

| ഉത്തരവ് നം.10156/എസ്റ്റാ.സി.3/2019/സിആർഡി തീയതി:07.12.2021 |
|---|

പരാമർശം :-
1. ഈ ആഫീസിലെ 02.05.2019 -ലെ ഇതേ നമ്പർ ഉത്തരവ്.
2. കഞ്ഞിക്കുഴിബ്ലോക്ക് പഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി. ആൻസിമോൾ. കെയുടെ 09.06.2021-ലെ അപേക്ഷ.
3. ആലപ്പുഴ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)ന്റെ 16.06.2021-ലെ ഡി1.1136/2021 നം. കത്ത്
4. ആലപ്പുഴ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)ന്റെ 20.09.2021-ലെ ഡി1.1136/2021 നം. കത്ത്

## ഉത്തരവ്

01.01.2015 മുതൽ 30.06.2018 വരെ കാലയളവിൽ ഗ്രാമവികസന വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ടി ലിസ്റ്റിൽ സീനിയോറിറ്റി നം. 746 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.ആൽസിമോൾ.കെ തന്റെ പേരിലെ അപാകതയും ജനന തീയതിയും തിരുത്തണമെന്നും താൻ എം.ഒ.പി. വിജയിച്ച വിവരം രേഖപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ടിയാളുടെ സേവന പുസ്തകവും ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് സൂചന (3), (4) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സൂചന (1) ഉത്തരവിൽ സീനിയോറിറ്റി നം. 746 ആയ ജീവനക്കാരിയുടെ പേര് ആൽസിമോൾ. കെ. (**ALCYMOLE K**) എന്നും ടിയാളുടെ ജനന തീയതി 28.05.1971- എന്നും ഭേദഗതി ചെയ്ത് ഉത്തരവാകുന്നു. സൂചന (2) അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന അധികയോഗ്യതകൾ ടിയാൾ സൂചന (1) ഉത്തരവ് തീയതിക്കുശേഷം ആർജ്ജിച്ചതായതിനാൽ പ്രസ്തുത വിവരങ്ങൾ സൂചന (1) പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം നിരസിച്ചും ഉത്തരവാകുന്നു.

(ഒപ്പ്)
സീനിയർഅഡ്മിനിസ്ട്രേറ്റീവ്ആഫീസർ

വ്യക്തിക്ക് (ബന്ധപ്പെട്ട ഓഫീസ്മേലധികാരിമുഖേന)

പകർപ്പ്:

1. അസിസ്റ്റന്റ്ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ആലപ്പുഴ
2. ബ്ലോക്ക്ഡെവലപ്മെന്റ്ഓഫീസർ, കഞ്ഞിക്കുഴി
3. പി&എം. സെക്ഷൻ, സി.ആർ.ഡി. (പ്രസിദ്ധീകരണത്തിന്)
4. സ്റ്റോക്ക് ഫയൽ/ ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം

ജൂനിയർസൂപ്രണ്ട്

ആർ.ജെ.എസ്.